**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 384** **19-07-2022 - ൽ മറുപടിയ്ക്ക്**

**ഇക്കോ സെൻസിറ്റീവ് സോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ എം വിൻസെന്റ് ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2016-ൽ ന്യൂഡൽഹിയിൽ നടന്ന വനം പരിസ്ഥിതി സംബന്ധിച്ച വിദഗ്ദ്ധ സമിതി യോഗം ആവശ്യപ്പെട്ട വിശദാംശങ്ങൾ 2018-വരെ കഴിഞ്ഞ സർക്കാർ നൽകാത്തതിനെ തുടർന്ന് കരട് വിജ്ഞാപനങ്ങൾ കാലഹരണപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ; | (എ) | ശ്രദ്ധയിൽപ്പെട്ടിരുന്നു |
| (ബി) | പ്രസ്തുത കരട് വിജ്ഞാപനങ്ങൾ കാലഹരണപ്പെട്ടതുമൂലമാണോ 10 കി.മീ ഇക്കോ സെൻസിറ്റീവ് സോൺ നിലനിർത്തണമെന്ന കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലത്തിന്റെ നിർദ്ദേശം കേരളത്തിനും ബാധകമായതെന്ന് വ്യക്തമാക്കാമോ ; | (ബി) | ഇന്ത്യൻ ബോർഡ് ഫോർ വൈൽഡ് ലൈഫിന്റെ 2002 ജനുവരി 21-ന് ചേർന്ന 21-ാമത് യോഗ തീരുമാന പ്രകാരവും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 09-02-2011-ൽ പ്രസിദ്ധീകരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരവും ഓരോ സംരക്ഷിത മേഖലയുടെയും വിസ്തീർണ്ണത്തിനനുസരിച്ച് 10 കിലോ മീറ്റർ വരെ വരാവുന്ന രീതിയിലാണ് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കേണ്ടിയിരുന്നത്. സംസ്ഥാനങ്ങളുടെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് ഓരോ സംരക്ഷിത മേഖലയുടെയും പാരിസ്ഥിതിക സംവേദക മേഖലകൾ നിശ്ചയിക്കുന്നതിന് സംസ്ഥാന സർക്കാരുകൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്. എന്നാൽ ഓരോ വന്യജീവി സങ്കേതത്തിനും/ ദേശീയ ഉദ്യാനത്തിന് ചുറ്റും പ്രത്യേകമായി പാരിസ്ഥിതിക സംവേദക മേഖലകൾ അന്തിമമായി പ്രഖ്യാപിച്ചിട്ടില്ലെങ്കിൽ അവിടെ സംരക്ഷിത മേഖലയുടെ അതിർത്തിയിൽ നിന്നും 10 കി.മീ. ചുറ്റളവിലുള്ള പ്രദേശം പാരിസ്ഥിതിക സംവേദക മേഖലയായി കണക്കാക്കണമെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 31-07-2013-ലെ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. |
| (സി) | വിദഗ്ദ്ധ സമിതി ആവശ്യപ്പെട്ട വിശദാംശം നൽകുന്നതിൽ സർക്കാർ പരാജയപ്പെട്ടതായ | (സി) | സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ |

| | |
|---|---|
| ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ ; | രൂപീകരിക്കുന്നതിനായി സംസ്ഥാന സർക്കാർ 2013-ൽ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ച കരട് പ്രൊപ്പോസലുകൾ 07-12-2015 മുതൽ 29-08-2017 വരെയുള്ള വിവിധ തീയതികളിലായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം കരട് വിജ്ഞാപനമായി പ്രസിദ്ധീകരിക്കുകയും ടി പ്രൊപ്പോസലുകൾ ചർച്ച ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ 2017 ഫെബ്രുവരി 27, 28 തീയതികളിൽ സംസ്ഥാന ചീഫ് വൈൽഡ് ലൈഫ് വാർഡന്മാരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് വിദഗ്ദ്ധ സമിതിയുടെ 24-ാമത് യോഗം വിളിച്ചുചേർക്കുകയും ചെയ്തു. സംസ്ഥാനത്ത് നിന്ന് സമർപ്പിച്ച പ്രൊപ്പോസലുകൾ ചീഫ് വൈൽഡ് ലൈഫ് വാർഡൻ ടി യോഗത്തിൽ അവതരിപ്പിച്ചുവെങ്കിലും അവയ്ക്ക് വിദഗ്ദ്ധ സമിതിയുടെ അംഗീകാരം ലഭിച്ചില്ല. ടി പ്രൊപ്പോസലുകൾ ഭേദഗതികളോടെ വീണ്ടും സമർപ്പിക്കുവാൻ ടി യോഗത്തിൽ നിന്ന് നിർദ്ദേശം ലഭിച്ചു. അതോടൊപ്പം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 16-02-2017-ലെ കത്ത് പ്രകാരം ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനത്തിനായുള്ള പ്രൊപ്പോസലുകൾ പുതിയ മാതൃകയിൽ നിശ്ചിത കളർ കോഡിലുള്ള ഭൂപടങ്ങൾ, ജനസംഖ്യാ ഭൂപടങ്ങൾ, ഉപഗ്രഹ ചിത്രങ്ങൾ, ഓരോ സംരക്ഷിത പ്രദേശത്തെയും. സസ്യങ്ങൾ, ജീവികൾ, പക്ഷികൾ. ഷഡ്പദങ്ങൾ എന്നിവയുടെ പ്രത്യേക ലിസ്റ്റ്, പ്രാദേശികമായി മാത്രം കാണപ്പെടുന്ന ജീവി വർഗ്ഗങ്ങളുടെ പ്രത്യേക വിവരങ്ങൾ, വംശനാശ ഭീഷണി നേരിടുന്ന ജീവിവർഗ്ഗങ്ങളുടെ വിവരങ്ങൾ, ജനങ്ങളുടെ വരുമാന സ്രോതസ്സ്, വില്ലേജുകളുടെ ലിസ്റ്റ് എന്നിവ ഉൾപ്പെടുത്തി സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ടി നിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്തെ എല്ലാ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പുതിയ മാതൃകയിൽ ടി വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള രേഖകൾ സർക്കിൾ/ ഡിവിഷൻതല ഓഫീസുകളിൽ നിന്ന് ശേഖരിച്ചുകൊണ്ട് നടപടികൾ സ്വീകരിച്ചുവരവെയാണ് കരട് വിജ്ഞാപനങ്ങളിന്മേൽ അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കാൻ നിശ്ചിത സമയപരിധിയായ 545 ദിവസങ്ങൾക്കകം കഴിയാതിരുന്നതിനാൽ ടി കരട് വിജ്ഞാപനങ്ങൾ അസാധുവായ വിവരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 19-12-2017-ലെ കത്ത് പ്രകാരം അറിയിക്കുകയും വീണ്ടും |

| | | | |
|---|---|---|---|
| | | | പുതിയ പ്രൊപ്പോസലുകൾ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തത്. |
| (ഡി) | പ്രസ്തുത വിശദാംശങ്ങൾ സമയബന്ധിതമായി നൽകിയിരുന്നെങ്കിൽ ഇക്കോ സെൻസിറ്റീവ് സോണിൽ നിന്നും മനുഷ്യവാസ കേന്ദ്രങ്ങളെ ഒഴിവാക്കി, ഇപ്പോൾ ജനങ്ങളെ പ്രതിസന്ധിയിലാക്കിയ ബഫർസോൺ വിഷയം ഉണ്ടാകുമായിരുന്നില്ലെന്ന വസ്തുത പരിശോധിച്ചിരുന്നോ? | (ഡി) | നിലവിൽ ബഹു. സുപ്രീം കോടതിയുടെ 03.06.2022 തീയതിയിലെ ഉത്തരവിന്റെ വെളിച്ചത്തിൽ ഇക്കോ സെൻസിറ്റീവ് സോൺ പരിധിയിൽ നിന്നും ജനവാസ മേഖലകളെ ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ച് വരുന്നതും ആയതിനായി കേന്ദ്ര സർക്കാരുമായി ചർച്ച നടത്തി വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ